Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകളുടെ വിനിയോഗം, തിരിച്ചടവ് എന്നിവ മോണിറ്റർ ചെയ്യുന്നതിന് വകുപ്പ് തലവൻമാരുടെ സമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(ആർ.റ്റി) നം. **302**/2012/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 28.01.2012.

---

പരാമർശം:-
1) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2010-11) 30-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 57.
2) 04.01.2012-ലെ വികേന്ദ്രീകൃതാസൂത്രണത്തിനായുള്ള സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 2.11-ാം നമ്പർ തീരുമാനം.
3) ധനകാര്യ വകുപ്പിന്റെ 09.08.2011-ലെ 52/ജി.എം.സി2/11/ധന. നമ്പർ സർക്കുലർ.

**ഉത്തരവ്**

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2010-11) 30-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 57 പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകളുടെ വിനിയോഗം മോണിട്ടർ ചെയ്യുന്നതിന് വകുപ്പുതലവൻമാർ ഉൾപ്പെടുന്ന ഒരു സംവിധാനം രൂപീകരിക്കണമെന്ന് ശുപാർശ ചെയ്തിരുന്നു.

2. കൂടാതെ സൂചന മൂന്നിലെ ധനകാര്യ വകുപ്പിന്റെ സർക്കുലർ പ്രകാരം - തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾ വാങ്ങുന്ന വായ്പകളുടെയും മുൻകൂർ തുകകളുടെയും തിരിച്ചടവ് നിരീക്ഷിക്കാനുള്ള സംവിധാനങ്ങളെ കുറിച്ചുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർക്കാരിൽ നിന്നും വിവിധ സ്ഥാപനങ്ങളിൽ നിന്നും മറ്റും എടുക്കുന്ന വായ്പകളുടെയും മുൻകൂർ തുകകളുടെയും വിനിയോഗം, തിരിച്ചടവ് എന്നിവ മോണിട്ടർ ചെയ്യുന്നതിന് സംസ്ഥാനതലത്തിൽ പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമ വികസന കമ്മിഷണർ എന്നിവരടങ്ങുന്ന ഒരു സമിതി പരാമർശം രണ്ടിലെ തീരുമാന പ്രകാരം രൂപീകരിച്ച് ഉത്തരവാകുന്നു. വായ്പകളുടെ വിനിയോഗം, തിരിച്ചടവ് തുടങ്ങിയ കാര്യങ്ങൾ മോണിറ്റർ ചെയ്യുന്നതിലേയ്ക്കായി എല്ലാ വർഷവും ഏപ്രിൽ, ഒക്ടോബർ മാസങ്ങളിൽ യോഗം ചേരേണ്ടതും; സംസ്ഥാനതലത്തിൽ

വായ്പ വിനിയോഗം, തിരിച്ചടവ് എന്നിവ സംബന്ധിച്ച് സമഗ്രമായ അർധ സാമ്പത്തിക വാർഷിക റിപ്പോർട്ട് അതായത് ഏപ്രിൽ ഒന്ന് മുതൽ സെപ്തംബർ 30 വരെയുള്ളതും, ഒക്ടോബർ ഒന്ന് മുതൽ മാർച്ച് 31 വരെയുള്ളതും അവരുടെ വകുപ്പുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ (മുനിസിപ്പൽ കോർപ്പറേഷനുകളെ നഗരകാര്യഡയറക്ടറും - ജില്ലാ പഞ്ചായത്തുകളുടേത് പഞ്ചായത്ത് ഡയറക്ടറും) ഇതോടൊപ്പമുള്ള ഫോം ഒന്നിൽ ശേഖരിച്ച് സംസ്ഥാനതലത്തിൽ ഫോം രണ്ടിൽ സമാഹൃതമാക്കി മേൽ സൂചിത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സംസ്ഥാനതല വായ്പാ നിരീക്ഷണ സമിതിയുടെ നഗരകാര്യ ഡയറക്ടർ വിളിച്ചുചേർക്കുന്ന യോഗത്തിൽ ചർച്ച ചെയ്ത് ആവശ്യമായ അഭിപ്രായ നിർദ്ദേശങ്ങളടങ്ങിയ റിപ്പോർട്ടായി സെക്രട്ടറി, ധനകാര്യ (ജി.എം.സി) വകുപ്പിനും, സെക്രട്ടറി, തദ്ദേശസ്വയംഭരണ (എ.സി) വകുപ്പിനും, ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർക്കും എല്ലാ വർഷവും ഏപ്രിൽ 30, നവംബർ 30 തീയതിക്കകം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം.
} പകർപ്പ് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകേണ്ടതാണ്

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ (എ.സി.) (ഡി.എ) വകുപ്പ്. (അറിവിലേയ്ക്കും മേൽനടപടിയിലേയ്ക്കുമായി).
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ധനകാര്യ (ജി.എം.സി.) വകുപ്പ്.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.

## FORM – I

**STATEMENT OF LOANS AND ADVANCES TAKEN BY (NAME OF LSGI) AND ITS REPAYMENT [CODE ------------------] FOR THE PERIOD : FIRST / SECOND HALF OF THE FINANCIAL YEAR -----------.**

(Amount in thousands)

| Sl. No. | Details of the loan / advance taken by LSGI at the beginning of the half year ---- | | | | | Total amount repaid during the half year as on ------------ | | | Balance amount outstanding at the end of the half year as on ------ | | | Remarks |
|---|---|---|---|---|---|---|---|---|---|---|---|---|
| | Name of the Institution from Loan Taken | Date of Loan Taken | Principal | Interest / Penal Interest applicable | Total | Principal | Interest / Penal Interest | Total | Principal | Interest / Penal Interest | Total | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |

Secretary

## FORM - II

**STATE LEVEL COMPILED STATEMENT OF LOANS / ADVANCES / REPAYMENT IN RESPECT OF ALL GRAMA / DISTRICT / BLOCK / MUNICIPALITIES / CORPORATIONS FOR THE PERIOD : FIRST / SECOND HALF OF THE FINANCIAL YEAR ----------------**

**Name of Department :** (Amount in Thousands)

| Sl. No. | Details of the loans / advances taken by LSGI at the beginning of the half year ---- | | | | | | Total amount paid as on the end day of half Financial Year | | | Balance amount outstanding at the end of the half year ------ | | | Remarks |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | Name of the LSGI / Code | Name of the Institution from Loan Taken | Date of Loan Taken | Principal | Interest / Penal Interest applicable | Total due | Principal | Interest / Penal Interest | Total | Principal | Interest / Penal Interest | Total | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |

Director / Secretary